-: ഭരണഭാഷ – മാതൃഭാഷ :-

# താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, തിരുവല്ല

തിരുവല്ല പി.ഒ, പിൻ – 689 101, ഫോൺ നമ്പർ – 0469 2602494
Mail ID: thqhtvl@gmail.com

കത്ത് നം. ബി – 787/2026 തീയതി:– 07.03.2026

## ടെണ്ടർ നോട്ടീസ്സ്

വിഷയം: തിരുവല്ല താലൂക്ക് ആസ്ഥാന ആശുപത്രി – HMC **ഫണ്ടുകൾ** വിനിയോഗിച്ച് 2026–2027 സാമ്പത്തിക വർഷത്തേക്ക് ഈ **സ്ഥാപനത്തിലെ casualty – യിലേക്ക് സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്നതിന്** അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ദർഘാസുകൾ ക്ഷണിക്കുന്നത് സംബന്ധിച്ച്

പത്തനംതിട്ട ജില്ലയിൽ തിരുവല്ല താലൂക്ക് ആസ്ഥാന ആശുപത്രിയിലെ casualty – **യിലേക്ക്** HMC **ഫണ്ടുകൾ** വിനിയോഗിച്ച് 2026–2027 സാമ്പത്തിക വർഷത്തേക്ക് **സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കുന്നതിന്** നടത്തി നൽകുന്നതിന് അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും മുദ്ര വച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ജീവനക്കാരെ നിയമിക്കുന്നത് 24 മണിക്കൂർ ഡ്യൂട്ടിക്കായി 8 മണിക്കൂർ വീതം 3 ഷിഫ്റ്റുകളായി ആയിരിക്കുന്നതാണ്.

ടെണ്ടർ ഫോമുകൾ തിരുവല്ല താലൂക്ക് ആസ്ഥാന ആശുപത്രി ഓഫീസിൽ നിന്നും **27.03.2026** വരെ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ലഭ്യമാവുന്നതാണ്. ദർഘാസ്സ് ഫോം ആവശ്യമുള്ളവർ, ടെണ്ടർ ഫോമിന്റെ വിലയായ **Rs. 1368/– (ആയിരത്തി മുന്നൂറ്റി അറുപത്തിയെട്ട് രൂപ മാത്രം), 18 ശതമാനം ജി എസ്സ് ടി തുകയും** ഓഫീസിൽ അടച്ച് ഫോമുകൾ കൈപ്പറ്റാവുന്നതാണ്. പൂരിപ്പിച്ച ടെണ്ടർ ഫോമുകൾ, സൂപ്രണ്ട്, താലൂക്ക് ആസ്ഥാന ആശുപത്രി, തിരുവല്ല പേർക്ക് നിരതദ്രവ്യമായ **Rs. 17100/– (പതിനേഴായിരത്തി നൂറ് രൂപ മാത്രം)** ന്റെ ഡി ഡി സഹിതം മുദ്രവെച്ച കവറിൽ തിരുവല്ല താലൂക്ക് ആസ്ഥാന ആശുപത്രി ഓഫീസിൽ **2026 മാർച്ച് 28, ഉച്ചയ്ക്ക് 12 മണി** വരെ സ്വീകരിക്കുന്നതാണ്. സമർപ്പിക്കുന്ന ടെണ്ടറിന്റെ പേര്/ഫയൽ നം. മുദ്ര വച്ച കവറിന് മുകളിൽ രേഖപ്പെടുത്തേണ്ടതാണ്.

നിശ്ചിത തീയതിക്കകം ലഭിച്ച ടെണ്ടറുകൾ **2026 മാർച്ച് 28, ഉച്ചയ്ക്ക് 2 മണിക്ക്** ദർഘാസുകൾ നൽകിയവരുടെയോ അവർ അധികാരപ്പെടുത്തിയവരുടേയോ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ടെന്ററുകൾ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുന്നതാണ്.

ദർഘാസ്സ് നോട്ടീസ്സ് റദ്ദ് ചെയ്യുന്നതിനും നിബന്ധനകൾ പാലിക്കാത്ത ദർഘാസുകൾ നിരസിക്കുന്നതിനുള്ള അധികാരം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ടെൻഡർ ഉറപ്പിച്ച നൽകിയ സ്ഥാപനം സ്വന്തം ഉത്തരവാദിത്വത്തിൽ ഈ സ്ഥാപനത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾക്കനുസരിച്ച് ജീവനക്കാരെ അടുത്ത ഒരു വർഷക്കാലയളവിലേക്ക് നിയമിക്കേണ്ടതാണ്. ടെൻഡർ അംഗീകരിച്ച നിരക്കിൽ കൂടിയ തുകയ്ക്ക് ശമ്പള ബില്ലുകൾ അംഗീകരിക്കുന്നതല്ല

ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ ഈ ഓഫീസിൽ നിന്നും നേരിട്ട് അറിയാവുന്നതാണ്.

സൂപ്രണ്ട്
താലൂക്ക് ആസ്ഥാന ആശുപത്രി, തിരുവല്ല

പകർപ്പ്

1) നോട്ടീസ്സ് ബോർഡ്, താലൂക്ക് ആസ്ഥാന ആശുപത്രി, തിരുവല്ല

2) ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ്ബ് സൈറ്റിൽ

3) ജില്ലാ ഇൻഫർമേഷൻ ഓഫീസർ, പത്തനംതിട്ട (പത്രമാധ്യമങ്ങളിലൂടെ പ്രചരണം നൽകുന്നതിന്)

4) നോട്ടീസ് ബോർഡ്, ജില്ലാ മെഡിക്കൽ ഓഫീസ്സ് (ആരോഗ്യം), പത്തനംതിട്ട

5) നോട്ടീസ് ബോർഡ്, മുനിസിപ്പൽ ഓഫീസ്സ്, തിരുവല്ല

6) നോട്ടീസ് ബോർഡ്, താലൂക്ക് ഓഫീസ്സ്, തിരുവല്ല